## 13 -ാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3929 24/06/2014 - ൽ മറുപടിയ്ക്ക്

### മിഷൻ 676 - പട്ടിക വിഭാഗത്തിന് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. കെ. ശിവദാസൻ നായർ | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണമായ ഭവനപദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്.<br>സംസ്ഥാനത്ത് ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനു മിഷൻ 676 - ൽ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ ; | (ബി) | സ്വന്തമായി പാർപ്പിട സൗകര്യം ഇല്ലാത്ത കൈവശഭൂമിയുള്ള മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് |
| (സി) | എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്;വിശദമാക്കുമോ ; | (സി) | പട്ടികവർഗ്ഗ ഊരുകൂട്ട പ്രകാരമുള്ള ലിസ്റ്റിലെ ഭവനരഹിതരുടെ എണ്ണം കണക്കാക്കി മുഴുവൻ ഭവന രഹിതർക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സ്വന്തമായി ഭൂമി കൈവശമുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ കണക്കെടുത്ത് സ്പെഷ്യൽ ഊരുക്കൂട്ടം വിളിച്ചു ചേർത്തു അതിന്റെ അംഗീകാരത്തോടുകൂടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്/ട്രൈബൽ എക്സറ്റൻഷൻ ഓഫീസുകളിലും ഗ്രാമ/ബ്ലോക്കു പഞ്ചായത്തു ആഫീസുകളിലും മറ്റും ലിസ്റ്റു പ്രസിദ്ധീകരിച്ചു. അതിന്മേൽ ആക്ഷേപവും, അഭിപ്രായവും കേട്ടു, ടി ലിസ്റ്റു പുനഃപരിശോധിച്ചു ആക്ഷേപരഹിതമായി ഭവനരഹിതരായുള്ള പട്ടികവർഗ്ഗക്കാരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ